ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പൊതുവിതരണ ശൃംഖലവഴി വിതരണം ചെയ്യുന്ന ഉൽപ്പന്നങ്ങളുടെ വില പുതുക്കി നിശ്ചയിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു.

(ബി) അനുബന്ധം 2 ആയി ചേർക്കുന്നു.*

സപ്ലൈകോ നിയമനങ്ങളും പ്രൊമോഷനും

214 (1248) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സപ്ലൈകോയിൽ സീനിയർ അസിസ്റ്റന്റ് ഗ്രേഡ് II ഗ്രേഡ് I എന്നീ തസ്തികകളിൽ കോർപ്പറേഷൻ ജീവനക്കാർക്കായി എത്ര പോസ്റ്റുകൾ അനുവദിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ;

(ബി) ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ 50% പ്രൊമോഷൻ, ഡെപ്യൂട്ടേഷൻ 50% എന്ന രീതി എസ്.എ.-II, എസ്.എ-I എന്നീ തസ്തികകളിലും അനുവദിക്കുന്നതിനുള്ള നിയമതടസ്സം എന്തെന്ന് വ്യക്തമാക്കാമോ ; സപ്ലൈകോ ജീവനക്കാർക്ക് 50% പ്രൊമോഷൻ അനുവദിക്കുന്നതിനായുള്ള 30/10 ഓർഡർ സ്റ്റേ നീക്കുന്നതിനുള്ള നടപടിക്രമം എന്താണ് ; വ്യക്തമാക്കാമോ ;

(സി) സപ്ലൈകോയിൽ സെയിൽസ്മാൻ എന്ന തസ്തിക ഇപ്പോൾ നിലവിലുണ്ടോ ; എത്ര പേർ നിലവിൽ ആ തസ്തികയിൽ ജോലി ചെയ്യുവരുന്നെന്ന് വ്യക്തമാക്കാമോ ;

(ഡി) സപ്ലൈകോയിൽ കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതി നടപ്പിൽ വരുന്നതിനും തടസ്സം എന്തെന്ന് വ്യക്തമാക്കാമോ ;

(ഇ) സപ്ലൈകോയിലെ സ്റ്റാഫ് പാറ്റേൺ പഠിക്കുന്നതിനായി നിയോഗിച്ച പ്രൊഡക്ടിവിറ്റി കൗൺസിൽ റിപ്പോർട്ട് സമർപ്പിച്ചുവോ ; പ്രസ്തുത റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) സപ്ലൈകോയിൽ ജോലി ചെയ്യുവരുന്ന അസിസ്റ്റന്റ് സെയിൽസ്മാനും ഡെപ്യൂട്ടേഷനിൽ വരുന്ന എൽ.ഡി. ക്ലാർക്കിനും അടിസ്ഥാന യോഗ്യത എസ്.എസ്.എൽ.സി. തന്നെയാണെന്നിരിക്കെ ഇവരെ രണ്ടുതരം ജോലി ഏൽപ്പിക്കുന്നത് വിവേചനമാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ;

(ജി) 2015 മേയ് 31 ആകുമ്പോഴേക്കും പ്രമോഷൻ തസ്തികയിൽ എത്ര ജൂനിയർ അസിസ്റ്റന്റുമാരുടെ ഒഴിവ് വരാൻ സാദ്ധ്യതയുണ്ട് ; പ്രസ്തുത ഒഴിവിലേക്ക് നിയമനം നടത്തുവാൻ കാലതാമസമുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) നിലവിൽ കോർപറേഷൻ ജീവനക്കാരുടെ സീനിയർ അസിസ്റ്റന്റ് I, സീനിയർ അസിസ്റ്റന്റ് II തസ്തികകൾ താഴെപ്പറയുന്ന പ്രകാരമാണ്.

സീനിയർ അസിസ്റ്റന്റ് I - Nil

സീനിയർ അസിസ്റ്റന്റ് II - 19

(ബി) 4-9-2010-ലെ സ.ഉ.(എംഎസ്.) നമ്പർ 30/10/ഭ.സി.സ.വ. പ്രൊമോഷൻ/ റിക്രൂട്ട്മെന്റ് റൂൾ ധനവകുപ്പിന്റെ എതിർപ്പിനെതുടർന്ന് സ.ഉ. (എംഎസ്.) നമ്പർ27/11/ ഭ.സി.സ.വ. തീയതി 6-7-2011 പ്രകാരം സർക്കാർ സ്റ്റേ ചെയ്തിട്ടുള്ളതാകുന്നു. സപ്ലൈകോ ജീവനക്കാർക്ക് പ്രൊമോഷൻ അനുവദിക്കുന്നതിനായുള്ള ശിപാർശ കേരള സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിലിന്റെ റിപ്പോർട്ടിനോടൊപ്പം സമർപ്പിക്കുന്നതാണെന്ന് സപ്ലൈകോ മാനേജിംഗ് ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(സി) ഉണ്ട്. 8 പേർ.

(ഡി) സപ്ലൈകോയിൽ കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതി നടപ്പിൽ വരുത്തുന്നതിനായുള്ള സപ്ലൈകോയുടെ ശിപാർശ സർക്കാർ പരിശോധിച്ച് വരികയാണ്.

(ഇ) കേരള സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിൽ അന്തിമ റിപ്പോർട്ട് സപ്ലൈകോയ്ക്ക് സമർപ്പിച്ചിട്ടില്ലായെന്നാണ് മാനേജിംഗ് ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുള്ളത്.

(എഫ്) രണ്ടും രണ്ടുതരം ജോലികളായി നിർവ്വഹിക്കപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ ഇവരെ രണ്ടുതരം ജോലികൾ ഏൽപ്പിക്കുന്നതിൽ വിവേചനം ഇല്ലായെന്ന് കരുതുന്നു.

(ജി) 2015 മേയ് 31 വരെ 6 റിട്ടയർമെന്റ് ഒഴിവുകൾ ഉണ്ട്. പ്രസ്തുത ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുന്നതിന് കാലതാമസമില്ല.

LIBRARY ARCHIVES Kerala Legislative Assembly